**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5915** **16-03-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ജനകീയ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കിയ ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലുകൾ കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക സാദ്ധ്യതയും ആവശ്യകതയും അനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്ക് എടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വൈദ്യതി, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. കെട്ടിട വാടക, വൈദ്യതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്. ജനകീയ ഹോട്ടലിനാവശ്യമായ പാചക പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ യൂണിറ്റ് ലഭ്യമാക്കുന്നതാണ്. കുറഞ്ഞത് 2-3 വനിതകൾ ഉൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ രൂപീകരിക്കേണ്ടത്. യൂണിറ്റ് രൂപീകരണവും യൂണിറ്റിനാവശ്യമായ പരിശീലനങ്ങളും കുടുംബശ്രീ മിഷൻ നിർവ്വഹിക്കുന്നതാണ്. ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തിരം നൽകുന്നുണ്ട്. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ റിവോൾവിങ് ഫണ്ട് ആയി കുടുംബശ്രീ നൽകുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തിരവും, ഗ്രാമ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വർക്കിംഗ് ഗ്രാൻറായി ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഹോട്ടലുകളിലെ ജീവനക്കാർക്ക് കോവിഡ് കാലത്തും അതിനുശേഷവും ശമ്പളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗങ്ങൾ തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം 2-3 വനിതകൾ ഉൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. ജനകീയ ഹോട്ടലുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നുമാണ് ഹോട്ടൽ നടത്തിപ്പിനുള്ള തുകയും ജീവനക്കാരുടെ വേതനവും കണ്ടെത്തുന്നത്. |
| (സി) | പ്രസ്തുത ജനകീയ ഹോട്ടലുകൾക്ക് സർക്കാരും പഞ്ചായത്തുകളും ധനസഹായം നൽകുന്നുണ്ടോയെന്നും സബ്സിഡി ഇനത്തിൽ റേഷൻകടകൾ, സപ്ലൈകോ എന്നിവ മുഖേന സാധനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തിരം നൽകുന്നുണ്ട്. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ റിവോൾവിങ് ഫണ്ട് ആയി കുടുംബശ്രീ നൽകുന്നുണ്ട്. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തിരവും, ഗ്രാമ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വർക്കിംഗ് ഗ്രാന്റായി ലഭിക്കുന്നുണ്ട്. ഇതിനുപുറമെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | കോവിഡ് സമയത്ത് രൂപീകരിച്ച ജനകീയ ഹോട്ടലുകളിൽ ജീവനക്കാർക്ക് പണിയെടുത്ത സമയത്തെ ശമ്പളം പോലും ലഭിച്ചിട്ടില്ലാത്ത കാര്യം പരിശോധിക്കുമോ; | (ഡി) | അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗങ്ങൾ തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം 2-3 വനിതകൾ ഉൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. ജനകീയ ഹോട്ടലുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നുമാണ് ഹോട്ടൽ നടത്തിപ്പിനുള്ള തുകയും ജീവനക്കാരുടെ വേതനവും കണ്ടെത്തുന്നത്. |
| (ഇ) | കോട്ടയം ജില്ലയിലെ കടപ്ലാമറ്റം പഞ്ചായത്തിലെ ജനകീയ ഹോട്ടലുകളിൽ ജോലി ചെയ്ത കുടുംബശ്രീ പ്രവർത്തകരുടെ വേതനവും അവർക്ക് ചെലവായ തുകയും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ജനകീയ ഹോട്ടലിന്റെ ലാഭവിഹിതം അംഗങ്ങൾ വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്. അല്ലാതെ ഇവർക്ക് പ്രതിമാസ വേതനം നിശ്ചയിച്ചിട്ടില്ല. ടി വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് സംരംഭകർ തന്നെയാണ്. കടപ്ലാമറ്റം ജനകീയ ഹോട്ടലിൽ ജോലി ചെയ്തിരുന്ന 3 ജീവനക്കാർക്ക് ജില്ലാ മിഷന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ അന്നുവരെയുള്ള |

| | | | |
|---|---|---|---|
| | | | വരുമാനം മൂന്നായി വിഭജിച്ച് നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ ഒരാൾ മാത്രം തുക കൈപ്പറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ